# മൊബൈൽ മെഡിക്കൽ ക്ലിനിക്ക്

**മലബാർ ഗോൾഡ് & ഡയമണ്ട്സ്, ഇഖ്റ ഹോസ്പിറ്റൽ, സ്നേഹസ്പർശം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന മൊബൈൽ രോഗനിർണ്ണയ ക്യാമ്പ് നടത്തുന്നതിന് റസിഡൻസ് അസോസിയേഷനുകൾ/വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങിയവ പാലിക്കേണ്ടത.**

1. ജീവിതശൈലി-രോഗ നിർണ്ണയ ക്യാമ്പ് സംഘടിപ്പിക്കുവാൻ ആഗ്രഹിക്കുന്ന റസിഡൻസ് അസോസിയേഷൻ/വിദ്യാഭ്യാസസ്ഥാപനങ്ങൾ തുടങ്ങിയവ പ്രത്യേക ഫോറം പൂരിപ്പിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്.
2. മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ സേവനം ഒരു ദിവസം പ്രദേശത്തെ തിരഞ്ഞെടുത്ത 75 നിർദ്ധനരായ ആളുകൾക്കോ / വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 600 വിദ്യാർത്ഥികൾക്കോ മാത്രമായിരിക്കും (വിദ്യാർത്ഥികൾക്ക് വൃക്ക സംബന്ധമായ രോഗങ്ങൾ കണ്ടെത്തുന്നതിനുള്ള യൂറിൻ ടെസ്റ്റ് മാത്രമായിരിക്കും.)
3. ക്യാമ്പിനുവേണ്ട പബ്ലിസിറ്റി മുൻകൂട്ടി നൽകേണ്ടതാണ്.
4. മൊബൈൽ മെഡിക്കൽ ക്ലിനിക്കിന്റെ ബസ് നിർത്തുന്നതിനുള്ള സ്ഥലസൗകര്യവും(14 ഫീറ്റ് വീതിയും, 25 ഫീറ്റ് നീളവും) ക്ലിനിക്കിലെ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാനാവശ്യമായ വൈദ്യുതിയും(പവർ പ്ലഗ് 28 മീറ്ററിനുള്ളിൽ)വൈദ്യുതി വിതരണം തടസ്സപ്പെടുകയാണെങ്കിൽ മൊബൈൽ ക്ലിനിക്കിലെ ജനറേറ്റർ പ്രവർത്തിപ്പിക്കാൻ 10 ലിറ്റർ പെട്രോളും ക്യാമ്പ് സംഘാടകർ ലഭ്യമാക്കേണ്ടതാണ്.
5. ക്യാമ്പ് ഡോക്ടർക്ക് പരിശോധനയ്ക്കാവശ്യമായ മുറിയും, കൂടാതെ യൂറിൻ ശേഖരിക്കാൻ ആവശ്യമായ സൗകര്യം (സ്ത്രീകൾക്കും പുരുഷൻമാർക്കും പ്രത്യേകം) മറ്റു സജ്ജീകരണങ്ങളും ഒരുക്കേണ്ടതാണ്.
6. ക്യാമ്പിൽ പങ്കെടുക്കുന്ന ആളുകൾ മുൻകൂട്ടി രജിസ്റ്റർ ചെയ്തവരായിരിക്കണം.
7. ലാബ് ടെസ്റ്റുകളും, ടെസ്റ്റ് റിസൽട്ടിന് ശേഷം ഡോക്ടറുടെ പരിശോധനയും, (ഡോക്ടറുടെ പരിശോധന ടെസ്റ്റ് റിസൾട്ടിൽ വ്യതിയാനമുള്ളവർക്ക് മാത്രം) നിശ്ചിത സമയത്തിനുള്ളിൽ അവസാനിപ്പിക്കേണ്ടതിനാൽ മുൻകൂട്ടി രജിസ്റ്റർ ചെയ്ത എല്ലാവരും രാവിലെ കൃത്യം 9 മണിക്ക് തന്നെ എത്തിച്ചേരേണ്ടതാണ്. (യൂറിൻ, ബ്ലഡ് എന്നിവയുടെ സാമ്പിൾ കളക്ട് ചെയ്യുന്നത് കൃത്യം 11 മണിക്ക് അവസാനിക്കുന്നതാണ്)
8. ബ്ലഡും, യൂറിനും നൽകി രണ്ട് മണിക്കൂറിന് ശേഷം മാത്രമേ റിസൾട്ട് ലഭിക്കുകയുള്ളു, ചില ബ്ലഡ് കോട്ടിങ്ങിന് താമസം വരുമെന്നതിനാൽ റിസൾട്ട് നൽകുന്നത് ഓർഡർ പ്രകാരമായിരിക്കില്ല.
9. മൊബൈൽ മെഡിക്കൽ യൂണിറ്റിൽ ഒരു ഡോക്ടറുടെ സേവനം മാത്രമായിരിക്കും ലഭ്യമാവുക. സ്പെഷലിസ്റ്റ് ഡോക്ടർ ആവശ്യമാണെങ്കിൽ സംഘാടകർ സംഘടിപ്പിക്കേണ്ടതാണ്.
10. മൊബൈൽ മെഡിക്കൽ യൂണിറ്റിൽ നിന്ന് ശേഖരിക്കുന്ന രക്ത സാമ്പിളുകൾ പ്രാഥമിക ടെസ്റ്റിന് ശേഷം വിശദമായ ടെസ്റ്റുകൾ ആവശ്യമാണെങ്കിൽ അവ ഇഖ്റ ഹോസ്പിറ്റൽ ലാബോട്ടറിയിൽ നിന്ന് പരിശോധിക്കുന്നതും അതിന്റെ റിസൽട്ട് 3 ദിവസത്തിനകം ഹോസ്പിറ്റൽ ലോബോട്ടറിയിൽ നിന്ന് സംഘാടകർ കൈപ്പറ്റേണ്ടതുമാണ്.
11. ആളുകൾ വരുന്ന ക്രമമനുസരിച്ച് ടോക്കൺ നൽകേണ്ടതും അവരെ നിയന്ത്രിക്കേണ്ടതും ക്യാമ്പിന്റെ വിജയത്തിന് അതിപ്രധാനമാണ്.
12. ക്യാമ്പിൽ വരുന്ന സ്റ്റാഫുകൾക്ക് (പരമാവധി 12 പേർക്ക്) ഭക്ഷണക്രമീകരണങ്ങൾ ഒരുക്കേണ്ടതാണ്.
13. ഈ ക്യാമ്പിൽ പങ്കെടുത്ത നിർദ്ധന രോഗികൾക്ക് ക്യാമ്പിൽ പരിശോധിച്ച ഡോക്ടറുടെ കുറിപ്പ്, റേഷൻകാർഡിന്റെ കോപ്പി, കൂടാതെ ബന്ധപ്പെട്ട റസിഡൻസിന്റെ/ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സാക്ഷ്യപത്രവുമായി രോഗി നേരിട്ടോ അല്ലെങ്കിൽ അടുത്ത ബന്ധുക്കൾ മുഖേനയോ വന്നാൽ മലബാർ ഗോൾഡ് & ഡമണ്ട്സിന്റെ ഷോറൂമിൽ നിന്നും മലബാർ ചാരിറ്റബിൾ ട്രസ്റ്റ് വഴി മരുന്ന് വിതരണം ചെയ്യുന്നതാണ്. (പ്രവർത്തന സമയം തിങ്കൾ മുതൽ ശനിവരെ ഉച്ചയ്ക്ക് ശേഷം 2 മണിമുതൽ 6 മണിവരെ)
14. മേൽ പറഞ്ഞ കാര്യങ്ങൾ പാലിക്കാത്തപക്ഷമോ, മറ്റ് സാങ്കേതിക കാരണങ്ങൾകൊണ്ടോ ക്യാമ്പ് നടത്താൻ പറ്റാതേയോ, തുടങ്ങാൻ വൈകുകയോ ചെയ്യുന്നതിന് മൊബൈൽ മെഡിക്കൽ യൂണിറ്റ് ഉത്തരവാദിയായിരിക്കുന്നതല്ല. ബന്ധപ്പെടേണ്ട നമ്പർ - 0495 2726916 (extn. ട്രസ്റ്റ് ഓഫീസ്), മൊബൈൽ – 9961660916